പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 163

08-06-2015 – ൽ മറുപടിയ്ക്ക്

**<u>മത്സ്യബന്ധനത്തിനിടെ മരണം സംഭവിക്കുന്ന തൊഴിലാളികളുടെ കുടുംബങ്ങൾക്കുള്ള സാമ്പത്തിക സഹായം</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എ.കെ.ശശീന്ദ്രൻ:** | | **ശ്രീ. കെ. ബാബു**<br>**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | മത്സ്യബന്ധനത്തിനിടെ മരണം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് നിലവിൽ സാമ്പത്തിക സഹായം അനുവദിക്കാറുണ്ടോ; എങ്കിൽ ധനസഹായം ലഭിക്കുന്നതിന് എന്തൊക്കെ നടപടിക്രമങ്ങളാണുള്ളതെന്ന് വെളിപ്പെടുത്താമോ; | എ) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി പ്രകാരം അപകടം മൂലം മരണമടയുന്ന മത്സ്യത്തൊഴിലാളിയുടെ ആശ്രിതർക്ക് 5 ലക്ഷം രൂപ ഇൻഷുറൻസ് ധനസഹായം നൽകുന്നു. കൂടാതെ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ 2 മക്കൾക്ക് വിദ്യാഭ്യാസ സഹായമായി പരമാവധി 10,000/- രൂപയും, ശവസംസ്കാര ചടങ്ങിന് 2000/- രൂപയും നൽകുന്നു.<br>മേൽ പദ്ധതിയ്ക്ക് പുറമെ 1.04.15 ന് ശേഷം അപകടം മൂലം മരണപ്പെടുന്ന മത്സ്യത്തൊഴിലാളിയുടെ ആശ്രിതർക്ക് ആംആദ്മി ബീമയോജന എന്ന പദ്ധതി പ്രകാരം 75,000/- രൂപ യും, സാധാരണ മരണം സംഭവിക്കുകയാണെങ്കിൽ 30,000/-രൂപയും, നൽകുന്നു.<br>മത്സ്യബന്ധനത്തിനിടെ അപകടംകൊ ണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളിയുടെ ആശ്രിതർക്ക് ബോർഡ് മുഖേന നടപ്പിലാക്കുന്ന ധനസഹായ പദ്ധതി പ്രകാരം 50,000/- രൂപ നൽകുന്നു ണ്ട്. കൂടാതെ വിധവാ പെൻഷൻ പദ്ധതി പ്രകാരം ആശ്രിതയായ ഭാര്യയ്ക്ക് പ്രതിമാസം 600/- രൂപ പെൻഷൻ നൽകിവരുന്നു. |
| ബി) | മത്സ്യബന്ധനത്തിനിടെ മരണപ്പെട്ട കോഴിക്കോട് ജില്ലയിലെ പുതിയാപ്പയിലെ മേപ്പറമ്പത്ത് ദേവദാസൻ എന്നയാളുടെ കുടുംബത്തിന്റെ ധനസഹായത്തിനായുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ, സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | ബി) | കോഴിക്കോട് ജില്ലയിലെ പുതിയാപ്പയെന്ന സ്ഥലത്ത് മേപ്പറമ്പത്ത് ദേവദാസൻ എന്നയാൾ മരണപ്പെട്ടത് സംബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായത്തിനായി ഇതുവരെ അപേക്ഷയൊന്നും ലഭിച്ചിട്ടില്ല. |

Jayesan

സെക്ഷൻ ഓഫീസർ